**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **23-08-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ ഇതുവരെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് കാലത്ത് സമാശ്വാസകിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്നതിന് മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്. 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് 30.07.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം.211/ 2020/ഭപൊവിവ പ്രകാരം 5,91,36,112/- രൂപയും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 ഓണം കിറ്റുകൾക്ക് 19.02.2021ലെ സർക്കാർ ഉത്തരവ് (സാധാ) നം.98/2021/ ഭപൊവിവ പ്രകാരം 4,68,92,680/- രൂപയും കമ്മീഷൻ അനുവദിച്ച് നൽകിയിരുന്നു.<br><br>27.05.2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.241/2021/ഭപൊവിവ പ്രകാരം 2021 മെയ് മാസത്തിൽ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് കമ്മീഷൻ നൽകാൻ ഉത്തരവായിരുന്നുവെങ്കിലും തുക കൈമാറിയിരുന്നില്ല. അതിജീവനകിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി കമ്മീഷൻ നൽകേണ്ടതില്ലെന്നും റേഷൻ വ്യാപാരികൾ പ്രസ്തുത ജോലി ഒരു സേവനമായി കണക്കാക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. എന്നാൽ റേഷൻ വ്യാപാരികൾ കമ്മീഷൻ ആവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ, കമ്മീഷൻ ഇനത്തിൽ കുടിശ്ശിക എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയതു നൽകുവാൻ കോടതി ഉത്തരവായിരുന്നു. ഈ കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിറ്റ് കൈമാറ്റം നടത്തിയ റേഷൻ വ്യാപാരികളുടെ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ഒരു സേവനമായി കണ്ട് കമ്മീഷൻ നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് മുമ്പ് കമ്മീഷൻ നൽകുന്നതിനായി പുറപ്പെടുവിച്ച 27.05.2021 ലെ ഉത്തരവ് പ്രകാരമുള്ള തുക കുടിശ്ശികയായി കണ്ട് പ്രസ്തുത തുക റേഷൻ വ്യാപാരികൾക്ക് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 4,26,45,895/- രൂപ റേഷൻ വ്യാപാരികൾക്ക് നൽകി ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക അടിയന്തരമായി നൽകണമെന്ന ബഹു. ഹൈക്കോടതി വിധി വന്ന് മാസങ്ങൾ പിന്നിട്ടിട്ടും ആയത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് കാലത്ത് സമാശ്വാസകിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്നതിന് മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്. 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് 30.07.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം.211/ 2020/ഭപൊവിവ പ്രകാരം 5,91,36,112/- രൂപയും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 ഓണം കിറ്റുകൾക്ക് 19.02.2021ലെ സർക്കാർ ഉത്തരവ് (സാധാ) നം.98/2021/ ഭപൊവിവ പ്രകാരം 4,68,92,680/- രൂപയും കമ്മീഷൻ അനുവദിച്ചു നൽകിയിരുന്നു.<br><br>27.05.2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.241/2021/ഭപൊവിവ പ്രകാരം 2021 മെയ് മാസത്തിൽ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് കമ്മീഷൻ നൽകാൻ ഉത്തരവായിരുന്നുവെങ്കിലും തുക കൈമാറിയിരുന്നില്ല. അതിജീവനകിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി കമ്മീഷൻ നൽകേണ്ടതില്ലെന്നും റേഷൻ വ്യാപാരികൾ പ്രസ്തുത ജോലി ഒരു സേവനമായി കണക്കാക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. എന്നാൽ റേഷൻ വ്യാപാരികൾ കമ്മീഷൻ ആവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ, കമ്മീഷൻ ഇനത്തിൽ കുടിശ്ശിക എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയതു നൽകുവാൻ കോടതി ഉത്തരവായിരുന്നു. ഈ കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിറ്റ് കൈമാറ്റം നടത്തിയ റേഷൻ വ്യാപാരികളുടെ പ്രവൃത്തി ഒരു സേവനമായി കണ്ട് കമ്മീഷൻ നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് മുമ്പ് കമ്മീഷൻ നൽകുന്നതിനായി പുറപ്പെടുവിച്ച 27.05.2021 ലെ ഉത്തരവ് പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | തുക കുടിശ്ശികയായി കണ്ട് പ്രസ്തുത തുക റേഷൻ വ്യാപാരികൾക്ക് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 4,26,45,895/- രൂപ റേഷൻ വ്യാപാരികൾക്ക് നൽകി ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികളെ വീണ്ടും ചുമതലപ്പെടുത്തുമ്പോൾ അവർക്ക് നൽകാനുള്ള കമ്മീഷൻ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | കോവിഡ് കാലത്ത് സമാശ്വാസകിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്നതിന് മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്. 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് 30.07.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം.211/ 2020/ഭപൊവിവ പ്രകാരം 5,91,36,112/- രൂപയും, 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 ഓണം കിറ്റുകൾക്ക് 19.02.2021ലെ സർക്കാർ ഉത്തരവ് (സാധാ) നം.98/2021/ ഭപൊവിവ പ്രകാരം 4,68,92,680/- രൂപയും കമ്മീഷൻ അനുവദിച്ചു നൽകിയിരുന്നു.<br><br>27.05.2021 ലെ സർക്കാർ ഉത്തരവ് (സാധാ)നം.241/2021/ഭപൊവിവ പ്രകാരം 2021 മെയ് മാസത്തിൽ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് കമ്മീഷൻ നൽകാൻ ഉത്തരവായിരുന്നുവെങ്കിലും തുക കൈമാറിയിരുന്നില്ല. അതിജീവനകിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി കമ്മീഷൻ നൽകേണ്ടതില്ലെന്നും റേഷൻ വ്യാപാരികൾ പ്രസ്തുത ജോലി ഒരു സേവനമായി കണക്കാക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. എന്നാൽ റേഷൻ വ്യാപാരികൾ കമ്മീഷൻ ആവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ, കമ്മീഷൻ ഇനത്തിൽ കുടിശ്ശിക എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയതു നൽകുവാൻ കോടതി ഉത്തരവായിരുന്നു. ഈ കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിറ്റ് കൈമാറ്റം നടത്തിയ റേഷൻ വ്യാപാരികളുടെ പ്രവൃത്തി ഒരു സേവനമായി കണ്ട് കമ്മീഷൻ നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് മുമ്പ് കമ്മീഷൻ നൽകുന്നതിനായി പുറപ്പെടുവിച്ച 27.05.2021 ലെ ഉത്തരവ് പ്രകാരമുള്ള തുക കുടിശ്ശികയായി കണ്ട് പ്രസ്തുത തുക റേഷൻ വ്യാപാരികൾക്ക് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 4,26,45,895/- |

| | | | |
|---|---|---|---|
| | | | രൂപ റേഷൻ വ്യാപാരികൾക്ക് നൽകി ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ